**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1421** **12-02-2025 - ൽ മറുപടിയ്ക്ക്**

**കൊല്ലം ജില്ലയിലെ യു.പി.എസ്.ടി. തസ്തികയിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം ജില്ലയിലെ സർക്കാർ സ്കൂളുകളിൽ 2022-23 അധ്യയന വർഷം മലയാളം മീഡിയം അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ തസ്തികയിൽ നിന്ന് എത്ര ഹെഡ്മാസ്റ്റർ പ്രൊമോഷൻ ഉണ്ടായിരുന്നു; അത് എപ്രകാരമാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ.; | (എ) | കൊല്ലം ജില്ലയിൽ സർക്കാർ സ്കൂളുകളിൽ 2022-23 അദ്ധ്യയന വർഷം മലയാളം മീഡിയം അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ തസ്തികയിൽ നിന്ന് 28 ഹെഡ്മാസ്റ്റർ പ്രൊമോഷൻ ഉണ്ടായിരുന്നു. സീനിയോറിറ്റി ലിസ്റ്റിൽ പേര് വന്ന് 50 വയസ്സ് തികയുകയും ടെസ്റ്റ് പാസാകുകയും ചെയ്ത അപ്പർ പ്രൈമറി സ്കൂൾ അദ്ധ്യാപകരിൽ നിന്നാണ് ഹെഡ്മാസ്റ്റർ പ്രൊമോഷൻ നടത്തിയത്. ഇപ്രകാരം നിലവിൽ വന്ന അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ തസ്തികയിലെ ഒഴിവുകളിൽ തസ്തിക നഷ്ടം വന്ന അദ്ധ്യാപകരെ പുനർവിന്യസിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത തസ്തികയിൽ 2025 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ എത്ര അധ്യാപകരാണ് വിരമിക്കുന്നതെന്നും വിരമിക്കൽ തീയതിയും തരം തിരിച്ച് വിശദമാക്കാമോ; | (ബി) | അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ തസ്തികയിൽ 2025 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ വിരമിക്കുന്ന അധ്യാപകരുടെ എണ്ണവും വിരമിക്കൽ തീയതിയും ചുവടെ ചേർക്കുന്നു.<br><br>**<u>വിരമിക്കൽ തീയതി</u> <u>എണ്ണം</u>**<br><br>2025 മാർച്ച് 31 1<br><br>2025 ഏപ്രിൽ 30 1<br><br>2025 മേയ് 31 23 |
| (സി) | പ്രസ്തുത സ്കൂളുകളിൽ 2025-26 അധ്യയ നവർഷം പ്രൈമറി വിഭാഗത്തിൽ വിരമിക്കുന്ന ഹെഡ്മാസ്റ്റർമാരുടെ എണ്ണം എത്ര; | (സി) | പ്രസ്തുത സ്കൂളുകളിൽ 2025 അദ്ധ്യയന വർഷം പ്രൈമറി വിഭാഗത്തിൽ 58 പ്രഥമാധ്യാപകരാണ് വിരമിക്കുന്നത്. |
| (ഡി) | പ്രസ്തുത സ്കൂളുകളിൽ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ തസ്തികയിൽ നിന്നും തസ്തിക നിർണ്ണയം വഴി ഉണ്ടായ ഒഴിവുകൾ എത്രയാണെന്നും അത് എപ്രകാരമാണ് നികത്തപെട്ടിട്ടുള്ളതെന്നും വിശദമാക്കാമോ? | (ഡി) | പ്രസ്തുത സ്കൂളുകളിൽ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ തസ്തികയിൽ 2024-25 വർഷത്തെ തസ്തിക നിർണ്ണയം വഴി 3 ഒഴിവുകൾ ഉണ്ടായി. ഈ ഒഴിവുകൾ പി.എസ്.സി മുഖേന നികത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ